"ഭരണഭാഷ-മാതൃഭാഷ"

നം.ICDS-A4 -11325/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി . 30.09.2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ CDPO മാർക്കും
എല്ലാ ICDS സൂപ്പർവൈസർമാർക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് –**സംയോജിത ശിശു വികസന പദ്ധതി-45** വർഷങ്ങൾ പൂർത്തിയാക്കുന്നത്- 45ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരി പാടികൾസംഘടിപ്പിക്കുന്നിലേയ്ക്കായി മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബ-

സൂചന : 30.09.2020 തീയതിയിലെ വീഡിയോ കോൺഫറൻസ്

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ സംയോജിത ശിശുവികസന സേവന പദ്ധതി 2020 ഒക്ടോബർ 2 ന് മഹത്തായ 45 വർഷം പൂർത്തിയാക്കുകയാണ്. 1975ൽ വേങ്ങരയിൽ തുടക്കംകുറിച്ച് 1975 നം 2010നം ഇടയിലുള്ള ആറ് ഘട്ടങ്ങളിലായി വികസിച്ച ഈ പദ്ധതി ഇന്ന് 258 ഐസിഡിഎസ് പ്രോജക്ടിന് കീഴിലെ 33115 അങ്കണവാടികൾ വഴി സേവനം നടത്തി വരുന്നു. കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും, സാമൂഹികവും, ആരോഗ്യപരവുമായ വികാസത്തിന് ഊന്നൽനല്കിയുള്ള 6 പ്രധാന സേവനങ്ങൾ ICDS പദ്ധതിയിൻകഴിലുള്ള അങ്കണവാടി കേന്ദ്രങ്ങൾ വഴി നൽകുന്നതിലൂടെ അങ്കണവാടി കേന്ദ്രങ്ങൾ സാമൂഹ്യ വിഭവ കേന്ദ്രങ്ങൾ ആയും പ്രവർത്തിച്ച വരുന്നു.

ICDS പദ്ധതിയുടെ മഹത്തായ 45 വർഷം ലോകം നാളിതുവരെ അഭിമുഖീകരിക്കാത്ത കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പരിമിതമായ രീതിയിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2020 ഒക്ടോബർ 2 മുതൽ സംസ്ഥാനത്തൊട്ടാകെയുള്ള ICDS ഓഫീസുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് 45 ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾ

JJ//

സംഘടിപ്പന്നതിനായുള്ള രൂപരേഖ പ്രോഗ്രാം ആഫീസർമാരുടേയും വിവിധ CDPO മാരുടേയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ക്യാംപെയിൻ പരിപാടികൾ ജില്ല/ പ്രോജക്റ്റ് /അങ്കണവാടി തല ത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല പ്രചരണ പരിപാടികൾക്കായി ഒരു ജില്ലയ്ക്ക് 10,000 രൂപ ചെലവഴിക്കാവുന്നതാണ്. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പിന്നാലെ നൽകുന്നതാണ്.

മേൽ സൂചിത മീറ്റിംഗിലെ തീരുമാന പ്രകാരം 05.10.2020 നകം ജില്ലാതല ആക്റ്റിവിറ്റി കലണ്ടർ അതാത് ജില്ലാആഫീസർമാർ ഡയറക്ടറേറ്റിൽലഭ്യമാക്കേണ്ടതാണ്.

മാർഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## I. **വെളിച്ചം** **തീയതി:** 02.10.2020

2020 ഒക്ടോബർ 2-ന് വൈകിട്ട് സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും അങ്കണവാടി പ്രവർത്തകരുടെ നേതൃത്വത്തിൽ വിളക്ക് /ചെരാത്/ മെഴുകുതിരി തെളിയിക്കേണ്ടതാണ്. അങ്കണവാടികളിൽ ഈ പരിപാടിക്ക് അങ്കണവാടികളിലും വെൽഫെയർ കമ്മിറ്റി അംഗങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പൂർണ്ണമായും കോവിഡ് മാനദണ്ഡം പാലിച്ച് സംഘടിപ്പിക്കേണ്ടതാണ്.

ഇതോടനുബന്ധിച്ച് തന്നെ അങ്കണവാടിയിലെ എല്ലാ ഗുണഭോക്താക്കളുടെ വീട്ടിലും ഇതേ സമയം വിളക്ക് /ചെരാത്/ മെഴുകുതിരി തെളിയിക്കാൻ അങ്കണവാടി പ്രവർത്തകർ ഗുണഭോക്താക്കളോട് അഭ്യർത്ഥിക്കേണ്ടതാണ്.

{ഏകോപന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഐസിഡിഎസ്സ് സൂപ്പർവൈസർമാർ/CDPO മാർ നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ടി പരിപാടികൾസമയ ബന്ധിതമായി സംഘടിപ്പിക്കുന്നുഎന്ന് DWCDO/PO ഉറപ്പുവരുത്തേണ്ടതും ഫോട്ടോകൾ ഒരു പ്രോജക്റ്റിൽ 1 എന്ന ക്രമത്തില് ശേഖരിച്ച് സമർപ്പിക്കണ്ടതുമാണ്} .

## II. **അങ്കണവാടി എന്റെ മലർവാടി** **തീയതി:** 02.10.2020 to 30.10.2020

അങ്കണവാടി പ്രദേശത്തെ അമ്മാർക്ക് അങ്കണവാടി സേവനങ്ങളെ കുറിച്ചും അങ്കണവാടി പ്രവർത്തകരുടെ മികവുറ്റ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അവരുടെ സാക്ഷ്യം രേഖപ്പെടുത്തലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇപ്പോൾ അങ്കണവാടി സേവനം തേടുന്ന കുട്ടികളുടെ അമ്മമാർക്കാണിതനവസരം ലഭിക്കുന്നത്.

{1-2 മിനുട്ടിൽ താഴെയുള്ള അനുഭവകുറിപ്പുകളായിരിക്കണം വീഡിയോ രൂപേണ അമ്മമാര് തയ്യാറാക്കേണ്ടത്. ഇത് തയ്യാറാക്കുന്ന / റെക്കോർഡ് ചെയ്യുന്ന സമയത്ത് അവരുടെ അങ്കണവാടി ഗുണഭോക്താക്കളായ കുട്ടികൾ വീഡിയോയിൽ അവരോടൊപ്പം ഉണ്ടായിരിക്കണ്ടേതാണ്. വീഡിയോയിൽ സാക്ഷ്യം നൽകുന്ന അമ്മമാര് അവരുടെ അങ്കണവാടി പ്രവർത്തകരുടെ സ്വാധീനം വ്യക്തമാക്കുന്ന വാക്കുകൾ ഉൾപ്പെടുത്തിവേണം വീഡിയോ തയ്യാറാക്കേണ്ടേത്. ഇങ്ങനെ തയ്യാറാക്കിയ വീഡിയോ അങ്കണവാടി പ്രവർത്തകർ ശേഖരിച്ച് സൂപ്പർവൈസർ/ സിഡിപിഒ മുഖാന്തിരം പ്രോഗ്രാം ഓഫീസർമാർക്ക് നൽകുകയും, പ്രോഗ്രാം ഓഫീസർമാർ അതിൽ നിന്നും ഏറ്റവും മികച്ചത് എന്ന് വിലയിരുത്തുന്ന രണ്ടെണ്ണം സംസ്ഥാനതലത്തിലേക്ക് അയക്കേണ്ടതുമാണ്. വീഡിയോ നൽകുന്ന അമ്മമാരോട് അത്

*JJ//*

പ്രസിദ്ധീകരിക്കാനുള്ള അനുമതി വാങ്ങേണ്ടതാണ്.
അനുവാദത്തോടെ അങ്കണവാടി വർക്കർമാര് ശേഖരിച്ച നൽകുന്ന വീഡിയോകളിൽമികച്ച 2 എണ്ണം തിരഞ്ഞെടുത്തത് പ്രോഗ്രാം ഓഫീസർമാർ സംസ്ഥാനതലത്തിലേക്കയക്കുകയും അവ സംസ്ഥാതലത്തിൽ ക്രോഡീകരിച്ച് സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

## III. ഓർമ്മക്കുറിപ്പ് തീയതി: 02.10.2020 to 30.10.2020

ഐസിഡിഎസ്സിന്റെ 45 വർഷത്തെ യാത്രക്കിടയില് അനേകായിരം മിടുക്കികളും, മിടുക്കൻമാരും ഈ മഹത്തായ സേവനത്തിന്റെ അനുഭവ സാക്ഷികളാണ്. അത്തരത്തിൽ ഇവിടെ നിന്നും പഠിച്ചിറങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരെ തിരഞ്ഞ്പിടിച്ച് അവരുടെ അങ്കണവാടികളിലെ ഓർമ്മച്ചെപ്പ് തുറക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

{ഇങ്ങനെ കണ്ടെത്തി തിരഞ്ഞെടുത്ത വ്യക്തിത്വങ്ങളില് നിന്നും അവരുടെ അനുഭവ സാക്ഷ്യം എഴുതി വാങ്ങി (ഒരു പേജിൽ കവിയാതെ) അവരുടെ അനുവാദത്തോടെ ആ കൈയെഴുത്ത് പ്രതി സാമൂഹിക മാധ്യമങ്ങളിൽ ഫോട്ടോസഹിതം പ്രസിദ്ധീകരിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഓരോ ജില്ലകളിലും DWCDO/PO/CDPO മാർക്ക് ഇങ്ങനെയുള്ള വ്യക്തിത്വങ്ങളെ കണ്ടെത്തി ഡയറക്ടറേറ്റിലേക്ക് നിർദ്ദേശിക്കാവുന്നതും, അനുമതി ലഭിക്കുന്ന മുറക്ക് അവരിൽ നിന്ന് അനുഭവ സാക്ഷ്യം എഴുതി വാങ്ങി ഡയറക്ടറേറ്റിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓർമ്മക്കുറിപ്പിനുള്ള വ്യക്തിത്വങ്ങളെ DWCDO/PO/CDPO മാർക്ക് നിർദ്ദേശിക്കാവുന്നതാണ്. ഡയറക്ടേറ്റ് അവരിൽ നിന്ന് ആൾക്കാരെ ഫൈനലൈസ് ചെയ്ത് അറിയിക്കുന്നതാണ്. അറിയിക്കുന്നമുറക്ക് സാക്ഷ്യം എഴുതി വാങ്ങേണ്ടതാണ്.

ഉദാ :- കോഴിക്കോട് സബ്കളക്ടർ ധന്യ IAS വയനാട് സ്വദേശി ID ഫ്രഷ് ഫുഡ് CEO മുസ്തഫ തുടങ്ങിയവർ }

## IV. നമ്മുടെ അങ്കണവാടി തീയതി: 03.10.2020 to 08-10-2020

അങ്കണവാടികളെക്കുറിച്ച് കേരളത്തിലെ പ്രമുഖ കലാ, സാംസ്കാരിക, കായിക വ്യക്തിത്വങ്ങളുടെ സന്ദേശങ്ങൾ അവരുടെ ഫോട്ടോ സഹിതം വകുപ്പിന്റെ വെബ്സൈറ്റിലും (scroll), സാമൂഹിക മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി മേൽ പരാമർശിച്ചിട്ടുള്ള മേഖലകളിലെ ജില്ലകളിലെ മികച്ച വ്യക്തിത്വങ്ങളുമായി ബന്ധപ്പെട്ട് അവരുടെ സന്ദേശങ്ങൾ DWCDO/PO മാർ ശേഖരിച്ച് ***9400595507*** എന്ന വാട്സ്ആപ്പ് നമ്പരിലോ ***wcditcell@gmail.com*** ഇ-മെയില് വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്.

{സംസ്ഥാന തലത്തിലായിരിക്കും വ്യക്തിത്വങ്ങളെ തിരഞ്ഞെടുക്കുന്നതും, അതിലേക്കാവശ്യമായ സന്ദേശങ്ങളും അവരുടെ അനുമതിയും ലഭ്യമാക്കുക. ഇത് ഡിസൈൻ ചെയ്ത് WCD-IT സെൽ മുഖാന്തിരമായിരിക്കും പ്രസിദ്ധീകരിക്കുന്നത്. ഇവ തയ്യാറാക്കുന്ന മുറക്ക് വകുപ്പിന്റെ സാമൂഹിക മാധ്യമങ്ങള് വഴി പ്രസിദ്ധീകരിക്കുന്നതിനൊപ്പം ഇതിന്റെ പകർപ്പ് ഐസിഡിഎസ്സ് നെറ്റ് വർക്ക് വഴി വകുപ്പിന് കീഴിലുള്ള എല്ലാവരിലേക്കും എത്തിക്കുകയും ചെയ്യും.}

## V. പോഷണ മന്ത്രം തീയതി: 04.10.2020

സംസ്ഥാനത്തുടനീളം ഒരു ദിവസം THR ഗുണഭോക്താക്കളായ കുട്ടികളുള്ള എല്ലാ വീട്ടിലും 3 ൽ താഴെ പ്രായമുള്ള THR ഗുണഭോക്താക്കളായ കുട്ടികൾക്ക് THR ഉപയോഗിച്ച് പ്രഭാത ഭക്ഷണം വീട്ടിൽ പാകം ചെയ്ത് നൽകുന്നതാണ് ഈ പരിപാടി.

{കുട്ടികൾ THR ഉപയോഗിച്ച് ഉണ്ടാക്കിയ ഭക്ഷണം കഴിക്കുന്നതിന്റെ ഫോട്ടോയിൽ മികച്ച 3 എണ്ണം ജില്ലാതലത്തിൽ PO തെരഞ്ഞെടുത്ത് സംസ്ഥാന തലത്തിൽ അയച്ചുതരേണ്ടതാണ്. മികച്ച ഫോട്ടോക്ക് സംസ്ഥാന തലത്തിൽസമ്മാനം ഉണ്ടായിരിക്കുന്നതാണ്} .

## VI. അന്നും ഇന്നും — തീയതി: 05.10.2020

രണ്ടു കാലഘട്ടങ്ങളിലെ അങ്കണവാടി പ്രവർത്തകരുടെയും കുട്ടികളുടെയും ഓർമകൾ ഫോട്ടോ കൊളാഷിലൂടെ പ്രസിദ്ധീകരിക്കുന്ന പരിപാടിയാണിത്. 1990 ന മുൻപും 2015 ന് ശേഷവുമുള്ള ഫോട്ടോകളാണ് ഇതിലേക്കായി തിരഞ്ഞെടുക്കുന്നത്.

{ഫോട്ടോകൾ അങ്കണവാടി വർക്കർമാരും, അങ്കണവാടി ഹെൽപ്പർമാരും ഒരുമിച്ച് നിന്നെടുത്തതോ, കുട്ടികളുടെ കൂടെ നിന്ന് എടുത്തതോ ആവാം. ഇങ്ങനെ ഷെയർ ചെയ്ത് തരുന്ന ഫോട്ടോകളില് ഫോട്ടോ ഏത് വർഷത്തിലെയാണെന്ന് കൃത്യമായി അടയാളപ്പെടുത്തിയിരിക്കണം. 90 കളിലെ ഫോട്ടോ ലഭിക്കുവാനായി മുൻപ് അങ്കണവാടികളില് നിന്ന് പിരിഞ്ഞുപോയ വർക്കർമാരുടെയോ, ഹെൽപ്പർമാരുടെയോ സഹായം തേടാവുന്നതാണ്.

അങ്കണവാടി പ്രവർത്തകർ ഇപ്രകാരം ശേഖരിച്ച ഫോട്ടോകൾ വർഷവും, അങ്കണവാടി നമ്പരും രേഖപ്പെടുത്തി പ്രോഗ്രാം ഓഫീസർ മുഖാന്തിരം സംസ്ഥാന തലത്തിൽ ഇതിനായി രൂപീകരിച്ച ഇമെയിലിലോ / വാട്സാപ്പ് നമ്പറിലെ അയക്കേണ്ടതാണ്. ഇവ ക്രോഡീകരിച്ച ശേഷം ഐറ്റി സെൽ മുഖാന്തിരം സാമൂഹ്യ മാധ്യമങ്ങള് വഴി ഡയറക്ടറേറ്റിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നതാണ്.}

## VII. അങ്കണവാടികൾ മാറ്റങ്ങളിലൂടെ — തീയതി: 06.10.2020

അങ്കണവാടികൾക്ക് കാലാകാലങ്ങളിലായി വന്ന ഭൗതികപരമായ മാറ്റങ്ങൾ ജനങ്ങളിലേക്ക് സാമൂഹിക മാധ്യമങ്ങൾ വഴി എത്തിക്കുന്നതിലേക്കായി ഒരു ഫോട്ടോകൊളാഷാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്. ആദ്യകാല അങ്കണവാടികളുടെ ചിത്രം മുതൽ സ്മാർട്ട് അങ്കണവാടി വരെയുള്ള, കാലാകാലങ്ങളിലായി അങ്കണവാടികൾക്ക് വന്ന ഭൗതികപരമായ മാറ്റം വ്യക്തമാക്കുന്ന ഫോട്ടോകളാണ് ലഭ്യമാക്കേണ്ടത്.

{ഇതിലേക്കാവശ്യമായ കാലയളവിലെ (അങ്കണവാടിയുടെ പഴയകാല ഫോട്ടോയും അതേ അങ്കണവാടിയുടെ പുതിയ ചിത്രവും ഉൾപ്പെടുന്ന ) പരമാവധി ഫോട്ടോകൾ ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർ ശേഖരിച്ച് സംസ്ഥാന തലത്തിലേക്ക് നിർദ്ദിഷ്ട ഇ-മെയിൽ/വാട്സാപ്പ് നമ്പറിൽ ലഭ്യമാക്കേണ്ടതാണ്. (ഒക്ടോബർ 5 മുൻപ്). സംസ്ഥാന തലത്തിൽ ഇവ ക്രോഡീകരിച്ച് തിരഞ്ഞെടുത്ത ചിത്രങ്ങൾ ഉപയോഗിച്ച് ഒരു കൊളാഷ് IT സെൽ മുഖാന്തിരം തയ്യാറാക്കി സാമൂഹിക മാധ്യമങ്ങൾ വഴി പ്രസിദ്ധപ്പെടുത്തും}.

## VIII. ക്രിയാത്മകത — തീയതി: 07.10.2020

പ്രാദേശികമായി ലഭിക്കുന്നതും ചെലവ് കുറഞ്ഞതുമായ വസ്തുക്കള് ഉപയോഗിച്ച് പഠനോപകരണങ്ങളും ,കര കൗശല വസ്തുക്കളും അങ്കണവാടി പ്രവർത്തകർ നിർമ്മിക്കുന്നതിൻറെ വീഡിയോ(5 മിനിട്ട് ദൈർഘ്യം) റിക്കോർഡ് ചെയ്യേണ്ടതും, മികച്ച നിർമ്മാണം 2 എണ്ണം ജില്ലാ തലത്തില് തെരഞ്ഞെടുത്ത് PO മാർ ഡയറക്ടറേറ്റിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

## IX. അങ്കണവാടി സാമൂഹിക മാറ്റത്തിന്റെ വാതായനം     തീയതി: 07.10.2020

8-ാം തരം മുതല് 12-ാം തരം വരെ പഠിക്കുന്ന കുട്ടികൾക്ക് അങ്കണവാടിയക്കുറിച്ച് അവർക്കുള്ള കാഴ്ചപ്പാടുകള് പങ്കുവയ്ക്കാനുദ്ദേശിച്ച് നടത്തുന്ന ഓൺലൈന് ഉപന്യാസ മത്സരമാണിത്. അങ്കണവാടി സാമൂഹിക മാറ്റത്തിന്റെ വാതായനം എന്ന ശീർഷകത്തിലായിരിക്കണം ഉപന്യാസം രചിക്കേണ്ടത്.

200 വാക്കില് കവിയാതെ എഴുതുന്ന ഇത്തരം രചനകള് ഫോട്ടോ വഴിയോ, സ്കാൻ ചെയ്തോ അങ്കണവാടി വർക്കർ ഐസിഡിഎസ് വഴി പ്രോഗ്രാം ഓഫീസർ തലത്തിലേക്കെത്തിക്കുകയും, അവയിൽ നിന്ന് തിരഞ്ഞെടുത്ത രണ്ട് ഉപന്യാസങ്ങള് എഴുതിയവരുടെ ഫോട്ടോ സഹിതം ഡയറക്ടറേറ്റിലേക്ക് ഇതിനായി നിശ്ചയിച്ച ഇ-മെയിലിലോ വാട്സാപ്പിലോ അയക്കേണ്ടതാണ്. ഇങ്ങനെ അയയ്ക്കുന്ന ഉപന്യാസങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് IT സെൽ മുഖാന്തിരം സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

{അങ്കണവാടി വർക്കർമാര് ഓൺലൈനില് ശേഖരിച്ച ഉപന്യാസങ്ങളിൽമികച്ച ഒരെണ്ണം ജില്ലാതലത്തില് ഐസിഡിഎസ് പ്രോഗ്രാം ഓഫീസർമാർ തെരഞ്ഞെടുക്കേണ്ടതും വിജയിയുടെഫോട്ടോയും വിശദാംശങ്ങളും ഡയറക്ടറേറ്റിലേക്ക് അയയ്ക്കുകയും ചെയ്യണം. ഇവ IT സെൽ ക്രോഡീകരിച്ച് സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തും} ..

## X. ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ     തീയതി: 12.10.2020

നിലവിൽ സ്ഥിര വർക്കർമാരായി/ഹെൽപ്പറമാരായി അങ്കണവാടികളിൽ പ്രവർത്തിക്കുന്നവർക്ക് അവരുടെ അങ്കണവാടി അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള വേദിയായാണ് ഇതിനെ ഒരുക്കിയിരിക്കുന്നത്.

{ഇവർ അവരുടെ അങ്കണവാടികളിലെ അനുഭവങ്ങൾ ഒരു പേജില് കവിയാതെ ( 150 – 200 വാക്ക്) ആയിരിക്കണം രേഖപ്പെടുത്തേണ്ടത്. ടി അനുഭവക്കുറിപ്പുകൾ കഴിവതും സന്തോഷകരമായ അനുഭവങ്ങളും, മറ്റുള്ളവർക്ക് അപകീർത്തി പരമായ പരാമർശങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ളതായിരിക്കണം. ഇങ്ങനെ തയ്യാറാക്കി നൽകുന്ന കുറിപ്പുകളില് നിന്നും പ്രോഗ്രാം ഓഫീസർ തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച 2 എണ്ണം സംസ്ഥാനതലത്തിലേയ്ക്ക് അയയ്ക്കേണ്ടതും ഇവ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് ലേഖികയുടെ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കുന്നതുമാണ്. ഇങ്ങനെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നവർ വൃത്തിയായി വെള്ളക്കടലാസില് (വരയുള്ള വെള്ളക്കടലാസ് ആയാലും കുഴപ്പമില്ല). എഴുതി സ്കാൻ/ഫോട്ടോ ചെയ്ത് വേണം അയയ്ക്കാൻ. ഇങ്ങനെ കൈപ്പടയിൽ എഴുതിയ ഓർമ്മക്കുറിപ്പുകൾ ഡയറക്ടറേറ്റില് നിന്നും സാമൂഹ്യക മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കും}.

## XI. കൈയെഴുത്ത് പ്രതി     തീയതി: 13.10.2020

സംസ്ഥാനത്ത് ICDS പദ്ധതി ഇന്നത്തെ നിലയിലേയ്ക്ക് വികസിച്ചത് 1975-2010 വരെയുള്ള 6 ഘട്ടങ്ങളിലായാണ്. ഇന്ന് കേരളത്തിൽ 258 ICDS പ്രോജക്ടുകളിലായി 33115

അങ്കണവാടികളും ഒരു അങ്കണവാടിയിൽ 2 എന്ന കണക്കിൽ പ്രവർത്തകരും നിലവിലുണ്ട്. ഇതിന്റെ അനുമതിയും അനുബന്ധ രേഖകളും ICDS ഓഫീസുകളിലുണ്ടെങ്കിലും ഓരോ അങ്കണവാടികളുടേയും ചരിത്രം രേഖപ്പെടുത്തി വയ്ക്കുക എന്നുള്ളത് വരും കാലഘട്ടങ്ങളിലേക്കുള്ള ഒരു മുതൽക്കൂട്ടാണ്. ആയതിനാൽ നിലവിലുള്ള എല്ലാ അങ്കണവാടികളുടെയും ഇന്നത്തെ നിലയിലേക്കുള്ള വളർച്ചയെക്കുറിച്ച് അങ്കണവാടി തലത്തില് തന്നെ ഒരു രേഖ തയ്യാറാക്കി സൂക്ഷിക്കുക എന്നതാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിലേക്കായി അങ്കണവാടി പ്രവർത്തകർ പ്രദേശത്തുള്ള അങ്കണവാടി പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായിട്ടുള്ള ആൾക്കാരിൽനിന്നും (മുതിർന്നവർ) ആ അങ്കണവാടികളിൽ മുൻപേ ജോലി ചെയ്തിട്ടുള്ള വർക്കർമാർ, പഴയ ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് 2 പേജിൽ കവിയാത്ത കുറിപ്പ് തയ്യാറാക്കേണ്ടതാണ്. . ടി കുറിപ്പ് തയ്യാറാക്കി അങ്കണവാടികളിൽ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ഐസിഡിഎസ് സൂപ്പർവാസർമാർമാർ പഞ്ചായത്തു തലത്തിൽ Spiral Bind ചെയ്ത് അതാത് ആഫീസുകളില് സൂക്ഷിക്കേണ്ടതുമാണ്. മികച്ച കൈയെഴുത്ത് പ്രതിക്ക് അവാർഡ് നൽകുന്നതാണ് .

[കുറിപ്പിന്റെ ഘടന ചുവടെ ചേർക്കുന്നു

{ തലക്കെട്ട്

അങ്കണവാടിയുടെ പേജ്, നമ്പർ, വില്ലേജ്, വാർഡ്, പഞ്ചായത്ത്, ജില്ല

ആദ്യഭാഗം

അങ്കണവാടി എന്ന് നിലവിൽ വന്നു. വർഷവും മാസവും തീയതിയും. തുടക്കത്തിൽ എവിടെയായിരുന്നു അങ്കണവാടി പ്രവർത്തിച്ചിരുന്നത്. (വാടകയ്ക്കാണോ, സ്വന്തം കെട്ടിടത്തിലാണോ എന്നതുൾപ്പെടെ) അങ്കണവാടിയും ഭൗതീക സാഹചര്യങ്ങളുടെ വളർച്ച (സ്ഥലം സംബന്ധിച്ച വിവരങ്ങൾ കെട്ടിട നിർമ്മാണം, ചുറ്റുമതിൽ, കിണർ, ഫർണീച്ചർ, കളിയുപകരണങ്ങൾ, കെട്ടിട നിർമ്മാണത്തിന് ഏതൊക്കെ ഉറവിടത്തിൽ നിന്നാണ് പണം ലഭിച്ചത്, മുതലായവ).

കുട്ടികൾ

ഈ അങ്കണവാടികളിൽനിന്ന് ഇതുവരെ എത്ര കുട്ടികൾ പഠിച്ചിറങ്ങിയിട്ടുണ്ട്, ഇപ്പോൾ എത്രപേര് പഠിക്കുന്നു എന്നതുൾപ്പെടെ ഒരു വിവരണം.

പ്രവർത്തകർ

അങ്കണവാടി തുടക്കംകുറിച്ചതിനുശേഷം അങ്കണവാടികളിൽ എത്ര AWW & AWH പ്രവർത്തിച്ചിട്ടുണ്ട്.

പ്രത്യേക സാഹചര്യങ്ങൾ

ഈ അങ്കണവാടി ഏതെങ്കിലും പ്രതിസന്ധി ഘട്ടങ്ങൾ നേരിട്ടിട്ടുണ്ടോ (ഉദാ:-പ്രകൃതിക്ഷോഭംമൂലം കേട്പാട് സംഭവിച്ചത് അല്ലെങ്കിൽ മറ്റെന്തെങ്കിലും, അതിനെ എങ്ങനെ മറികടന്നു എന്നതും) മികച്ച അംഗീകാരങ്ങൾ (പ്രവർത്തകർക്കും അങ്കണവാടിക്കും) എന്നതും വിശദീകരിക്കുക.

അങ്കണവാടി വർക്കർ തയ്യാറാക്കുന്ന ഈ കുറിപ്പിലേക്കായി ഐസിഡിഎസ് സൂപ്പർവൈസർമാര്/സിഡിപിഒ മാർ വേണ്ട മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്.

മേൽ വിഷയം എല്ലാ അങ്കണവാടികളിലും നടത്തിയിട്ടുണ്ടോ എന്ന് DWCDO /PO മാർ ഉറപ്പു വരുത്തേണ്ടതാണ് } ].

*JJ//*

## XII. ഞങ്ങളിലൂടെ.... തീയതി: 14.10.2020

അങ്കണവാടിയെക്കുറിച്ച് ആ അങ്കണവാടിയ്ക്ക് കീഴിലുള്ള കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 2 മിനിറ്റലധികം ദൈർഘ്യം വരാത്ത രീതിയിലുള്ള വീഡിയോ നിർമ്മിച്ച് നൽകാനവസരം നൽകുന്നതാണീ പരിപാടി.

{"അങ്കണവാടിയുടെ സമൂഹത്തിലെ സ്വാധീനം" എന്നതായിരിക്കണം ഈ വീഡിയോയുടെ പ്രതിപാദ്യ വിഷയം. ഇങ്ങനെ തയ്യാറാക്കുന്ന വീഡിയോയിൽ അവരുടെ പ്രദേശത്തെ അങ്കണവാടിയുടെ ചിത്രവും, അവിടെയുള്ള ഗുണഭോക്താക്കളുടെയും, സമൂഹത്തിന്റെയും കുട്ടികളുടെയും അഭിപ്രായങ്ങള് ചേർക്കാവുന്നതാണ്. അങ്കണവാടിയിലുള്ള മുൻപിൽ നിന്ന് തന്നെ അവരിൽ അങ്കണവാടി എങ്ങനെ സ്വാധീനിച്ചു എന്ന് വ്യക്തമാകുന്ന അഭിപ്രായം രേഖപ്പെടുത്തുന്നവീഡിയോ തയ്യാറാക്കണം. വീഡിയോയ്ക്ക് പശ്ചാത്തലസംഗീതമോ ആനിമേഷനോ ഉപയോഗിക്കുന്നതിൽ തെറ്റില്ല. വീഡിയോ 1-2 മിനിട്ടിൽ കൂടുതൽ ദൈർഘ്യമുണ്ടാവരുത് .

ഇങ്ങനെ തയ്യാറാക്കുന്ന, 2 വീഡിയോകൾ(1 boy & 1 Girl) പ്രോഗ്രാം ഓഫീസർ മുഖാന്തിരം പരിശോധിച്ച്ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കേണ്ടതാണ്. അവ ക്രോഡീകരിച്ച് IT സെൽ വഴി സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

## XIII. തലമുറകളിലൂടെ തീയതി: 15.10.2020

ICDS രൂപീകൃതമായതിനുശേഷം ചില കുടുംബങ്ങളിൽ രണ്ടോ മൂന്നോ തലമുറകൾതന്നെ അങ്കണവാടികളിൽ പഠിച്ചവരായി നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. ഓരോ കുടുംബത്തിലുമുള്ള, അങ്കണവാടികളില് പഠിച്ച രണ്ടോ മൂന്നോ തലമുറകളിൽപ്പെട്ട ആൾക്കാരുടെ ഒന്നിച്ചുള്ള ഫോട്ടോ ശേഖരിച്ച് ഒരു ഫോട്ടോ കൊളാഷാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

{ അങ്കണവാടികളിൽ പഠിക്കുന്ന/ പലപ്പോഴായി പഠിച്ച ഗുണഭോക്താക്കളായ, (6മാസം - 6 വയസ്സുവരെ പ്രായമുള്ള ) കുട്ടികളുടെ കുടുംബം ആയിരിക്കണം. ഉദാഹരണം - അങ്കണവാടികളിൽ പലപ്പോഴായി പഠിച്ച, ഇപ്പോൾ പഠിക്കുന്ന/സേവനം തേടുന്ന കുട്ടികളുടെ കുടുംബത്തിലെ അച്ഛൻ, അമ്മ, കുട്ടികള്, പേരക്കുട്ടികൾ. ഫോട്ടോ ശേഖരിക്കുന്ന സമയത്ത് ഇത് പ്രസിദ്ധീകരിക്കാനുള്ള അനുമതി തേടിയിരിക്കണം. ഫോട്ടോകളെല്ലാം ഗ്രൂപ്പ് ഫോട്ടോ ആയിരിക്കണം.

അങ്കണവാടി പ്രവർത്തകർ ഇത്തരത്തിൽ അനുമതിയോടെ പരമാവധി ശേഖരിച്ച ഫോട്ടോ / സെൽഫി, ജില്ലാ പ്രോഗ്രാം ഓഫീസർമാർ സ്വീകരിച്ച് അവ സംസ്ഥാന തലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഇമെയില് / വാട്സാപ്പ് നമ്പരിലേക്ക് അയച്ചുതരേണ്ടതാണ്. ഇവ ക്രോഡീകരിച്ച് WCD IT സെൽ കൊളാഷാക്കി സാമൂഹ്യമാധ്യമങ്ങള് വഴി പ്രസിദ്ധീകരിക്കുന്നതാണ് }

## XIV. കയ്യൊപ്പ്

ഐസിഡിഎസിന്റെ 45-ആം വാർഷിക ആഘോഷത്തിന്റെ ഭാഗമായി വകുപ്പ് മന്ത്രിയും, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ഒക്ടോബർ 2ന് തെരഞ്ഞെടുത്ത അങ്കണവാടി ഗുണഭോക്താക്കളുമായും അവരുടെ കുടുംബവുമായും നേരിട്ട് സംവദിക്കുന്നതായിരിക്കും.

{അങ്കണവാടി വർക്കറുടെ CAS ഫോണിലെ ZOOM സംവിധാനത്തിലാണ് പരിപാടി സംഘടിപ്പിക്കേണ്ടത്. ഇതിലേയ്ക്കായി സംവദിക്കേണ്ട ഗുണഭോക്താക്കളെ ജില്ലയിൽ 1 എന്ന ക്രമത്തിൽ പ്രോഗ്രാം ഓഫീസർമാർ തെരഞ്ഞെടുക്കേണ്ടതും ടി ഗുണഭോക്താവിന്റെ വിവരങ്ങളും വർക്കറുടെ ഫോൺ നമ്പരും 30.09.2020 ന് ലഭ്യമാക്കേണ്ടതുമാണ്. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ മൊബൈല് നെറ്റ് വർക്ക് പരിധിയിലുള്ളതായിരിക്കണം. തിരഞ്ഞെടുത്ത ഗുണഭോക്താക്കളുമായുള്ള സംവാദത്തിന്റെ വീഡിയോ റിക്കോർഡിംഗും ഫോട്ടോയും DWCDO/PO മാർ ശേഖരിച്ച് ഈകാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്}.

*JJ//*

## XV. വേറിട്ട വഴികൾ

ലോകം നാളിതുവരെ അഭിമുഖീകരിക്കാത്ത കോവിഡ് മഹാമാരി വ്യാപന പശ്ചാത്തലത്തിൽ പരിമിതമായ രീതിയിൽ ഇന്ത്യയിലൊട്ടാകെ നടത്തി വന്നിരുന്ന ജനസേവന പ്രവർത്തനങ്ങൾ നിലച്ച് പോവുകയോ, മന്ദഗതിയിലാവുകയോ ചെയ്തിട്ടുണ്ട്. അങ്കണവാടി സേവന പ്രവർത്തനങ്ങളും ഇതിൽപ്പെടുന്ന എന്നിട്ടും ICDS മേഖലയിലെ അങ്കണവാടി പ്രവർത്തകർ കോവിഡിനോട് പൊരുതിക്കൊണ്ട് തന്നെ കാലയളവിൽ വ്യത്യസ്ത രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മികച്ച സേവനങ്ങൾകാഴ്ച വച്ചിട്ടുണ്ട്. ഇപ്രകാരം മാതൃക പ്രവർത്തനങ്ങൾ കാഴ്ച വച്ച അങ്കണവാടി പ്രവർത്തകരുടെ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി പങ്കിടുന്നതിനുള്ള ഉള്ള സെമിനാർ ആണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

{ഇവരിൽ ചിലരെ കേൾക്കുക എന്നതിലൂടെ ഇത്തരം മികച്ച പ്രവർത്തനം തുടർന്നും നടത്തുവാ ന് മറ്റുള്ളവർക്കുംപ്രചോദനമാകുമെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.. ഒരു മണിക്കൂർ നീണ്ടു നിൽകുന്ന ഈ സെമിനാറിൽ സംസ്ഥാനത്തിലെ ഇത്തരത്തില് മികവു തെളിയിച്ച 5 അങ്കണവാടി പ്രവർത്തകർക്ക് ഈ കോവിഡ് കാലത്തെ സേവനങ്ങള് പങ്കുവെക്കാവുന്നതാണ്. ഓരോരുത്തർക്കും 10 മിനിട്ടിനുള്ളിൽ ചുരുങ്ങിയ സമയംകൊണ്ട് ഇവ വിവരിക്കാവുന്നതാണ്. സെമിനാറിൽ ശേഷിച്ച 10 മിനിട്ട് (60m-50m) ചോദ്യോത്തരങ്ങൾക്കുള്ളതായിരിക്കും. ഇതിന്റെ കേൾവിക്കാരായി സംസ്ഥാനത്തെ മുഴുവന് ഐസിഡിഎസ് പ്രവർത്തകരും സന്നദ്ധരായിരിക്കണം. ഒരോ ജില്ലയിലെ പ്രോഗ്രാംഓഫീസർമാരും അവരുടെ ജില്ലയിൽ നിന്നുള്ള മികച്ച പ്രവർത്തനം നടത്തിയ 2 വീതം അങ്കണവാടി വർക്കർമാരെ കണ്ടെത്തി, വിശദാംശങ്ങൾസഹിതം വനിത ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് അറിയിക്കേണ്ടതുമാണ്. സംസ്ഥാനതലത്തിൽ ഇതില് നിന്നും 5 പേരെ തിരഞ്ഞെടുക്കുന്നതായിരിക്കും. സെമിനാർ സംഘടിപ്പിക്കുന്നത് WCD IT സെൽ മുഖാന്തിരമായിരിക്കും. ഇതിന്റെ ലിങ്ക് WCD IT സെൽ മുഖേന താഴെ തട്ടിലേക്കെത്തിക്കുന്നതാണ്}.

NB: Photos/Videos അയച്ചു നൽകുന്നത് DWCDO, PO മാർ മാത്രമായിരിക്കണം

വിശ്വസ്തതയോടെ

**വനിത ശിശു വികസന ഡയറക്ടർ**

*JJ//*